പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1916 — 10.03.2020 -ൽ മറുപടിക്ക്

## വിശപ്പുരഹിത കേരളം പദ്ധതി

ചോദ്യം

**ശ്രീ.അബ്ദുൽ ഹമീദ് പി.**

മറുപടി

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

(എ) വിശപ്പുരഹിത കേരളം പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ; ഈ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ ;

(ബി) സൗജന്യ ഭക്ഷണത്തിന് അർഹരായ നിരാലംബരുടെ പട്ടിക എങ്ങനെയാണ് തയ്യാറാക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(സി) തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർ, കുടുംബശ്രീ പ്രവർത്തകർ, ആശാ വർക്കർമാർ, അംഗൻവാടി ജീവനക്കാർ മുതലായവരെ ഇക്കാര്യത്തിൽ ഫലപ്രദമായി ഉപയോഗിക്കുന്നതിനു സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

(എ) വിശപ്പുരഹിത കേരളം (സുഭിക്ഷ) പദ്ധതി ആലപ്പുഴ, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിൽ കൂടി ഈ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. മറ്റ് ജില്ലകളിൽ പദ്ധതി ആരംഭിക്കുന്നതിന് ആവശ്യമായ പ്രാഥമിക സൗകര്യങ്ങൾ കണ്ടെത്തുന്നതിന് ജില്ലാ കളക്ടറും ജില്ലാ സപ്ലൈ ഓഫീസറും ഉൾപ്പെടുന്ന കമ്മിറ്റി, നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) & (സി) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ യൂണിറ്റ്, ഐ.സി.ഡി.എസ് ജില്ലാ പ്രോഗ്രാം ഓഫീസർ, ആശാ വർക്കർമാർ, അംഗനവാടി ജീവനക്കാർ എന്നിവരിൽ നിന്നും ലഭിക്കുന്ന ലിസ്റ്റിൽ നിന്നും അന്വേഷണം നടത്തി ജില്ലാ സുഭിക്ഷാ കമ്മിറ്റിയാണ് സൗജന്യ ഭക്ഷണത്തിന് അർഹരായ നിരാലംബരുടെ പട്ടിക തയ്യാറാക്കുന്നത്. കുടുംബശ്രീയുടെയും സന്നദ്ധ സംഘടനകളുടെയും സ്ഥാപനങ്ങളുടെയും സഹകരണത്തോടെ ഈ സംരംഭം വ്യാപകമായി സംസ്ഥാനം മുഴുവൻ നടപ്പാക്കുന്ന കാര്യം ചർച്ച ചെയ്ത്, നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**